# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 780 — 25.01.2018-ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് പ്രസ്തുത വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി എന്തെല്ലാം പരിപാടികളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി താഴെപ്പറയുന്ന കർമ്മപദ്ധതികൾ/സ്ഥാപനങ്ങൾ നടത്തി വരുന്നു.<br><br>1. പ്രീമെട്രിക് സ്കോളർഷിപ്പ്.<br>2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്(100% CSS).<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്(100% CSS).<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.<br>7. സ്റ്റെതസ്കോപ്പ് ധനസഹായം.<br>8. ലാപ്ടോപ്പ് ധനസഹായം.<br>9. എഞ്ചിനിയറിങ്/മെഡിക്കൽ പഠനത്തിനുള്ള പ്രാരംഭ ചെലവ്.<br>10. വൃത്തിഹീന സാഹചര്യങ്ങളിലുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം.<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡവലപ്പ്മെന്റ് സ്കോളർഷിപ്പ്.<br>12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി<br>13. പ്രത്യേക പ്രോത്സാഹന പദ്ധതി<br>14. ബുക്ക് ബാങ്ക് സ്കീം(50% CSS).<br>15. ഇതര സംസ്ഥാനത്തും/വിദേശങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം.<br>16. പാരലൽ കോളേജ് ധനസഹായം.<br>17. പി.ഇ.റ്റി.സി-കൾ<br>18. ഐ.റ്റി.ഐകൾ<br>19. നഴ്സറികൾ. |

| | | | |
|---|---|---|---|
| | | | 20. ക്രെസ്റ്റ്, കോഴിക്കോട്<br>21. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ്<br>22. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.<br>23. പാലക്കാട് മെഡിക്കൽ കോളേജ്. |
| (ബി) | വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ 88 നഴ്സറി സ്കൂളുകൾ, 8 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ എന്നിവ പ്രവർത്തിച്ച് വരുന്നു.<br>കൂടാതെ വകുപ്പിന് കീഴിൽ 10 ട്രേഡുകളിലായി പരിശീലനം നൽകുന്ന 44 ഐ.റ്റി.ഐ.കളും, പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജും പ്രവർത്തിച്ച് വരുന്നു. ഇവയിൽ 7 എണ്ണം എം.ആർ.ഐ ഐ.റ്റി.ഐ.കളാക്കി ഉയർത്തിയിട്ടുണ്ട്. |
| (സി) | പട്ടികജാതി വിഭാഗങ്ങളിലെ തൊഴിലില്ലായ്മ ലഘൂകരിക്കുന്നതിന് ഈ സ്ഥാപനങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഐ.റ്റി.ഐ.കളിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് അപ്രന്റീസ്ഷിപ്പ് പദ്ധതിയും വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റും ലഭ്യമാക്കുന്നു. അല്ലാത്തവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ടൂൾകിറ്റ് ധനസഹായവും നൽകി വരുന്നു. കമ്മ്യൂണിറ്റി കോളേജിൽ ഒരു വർഷത്തെ പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു വർഷത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗിനു ശേഷം കമ്പനികളിൽ പ്ലേസ്മെന്റ് ലഭ്യമാക്കുന്നുണ്ട്. കമ്പനികളിൽ പ്ലേസ്മെന്റ് ലഭിക്കുന്നതിനായി വകുപ്പ് നേരിട്ട് ഐ.റ്റി.ഐ പാസ്സായവർക്കുവേണ്ടി ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്. ക്രെസ്റ്റിൽ നിന്ന് സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കുന്നവർക്കും പ്ലേസ്മെന്റ് സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ